"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/395/2019-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-02-2022

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഗോത്രസാരഥി പദ്ധതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതവും ചേർത്ത് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. 01.04.2020-ലെ സ.ഉ.(സാധാ) നം. 725/2020/ത.സ്വ.ഭ.വ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ൽ നടന്ന യോഗത്തിന്റെ തീരുമാനം - 2.3 (4) ഖണ്ഡിക 3.6

**********************

2013-14 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്ന ഗോത്രസാരഥി പദ്ധതിക്ക് 2020-21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കു കൂടി പ്രോജക്ട് ഏറ്റെടുക്കാൻ സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്പോൾ പട്ടികവർഗ്ഗ വകുപ്പ് ഇതിനായി തുക നൽകുന്നില്ല എന്ന് തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി ചൂണ്ടി കാണിച്ചിട്ടുണ്ട്.

കൊവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ വികസന ഫണ്ട്, തനത് ഫണ്ട് ഇനത്തിൽ ഭീമമായ തുക ചെലവഴിച്ചിട്ടുള്ളതിനാൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്കു മതിയായ തുക കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും ഇതിനായി കുറച്ചു വിഹിതം മാറ്റി വയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സൂചിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായ 2.54 കോടി രൂപ ഗോത്ര സാരഥി പദ്ധതിയ്ക്കായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഈ തുകയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് ഗോത്ര സാരഥി പദ്ധതി നടപ്പാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ ഇതിന് ആവശ്യമായ സഹായം ചെയ്യേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.